**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1626** **03-02-2026 - ൽ മറുപടിയ്ക്ക്**

**ആധാരം തയാറാക്കൽ സ്റ്റേറ്റ് ലൈസൻസിനുള്ള എക്സാമിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന രജിസ്ട്രേഷൻ വകുപ്പ് വസ്തു കൈമാറ്റ പ്രമാണം/ആധാരം തയാറാക്കുന്നതിന് നിലവിൽ അനുമതി നൽകിയിട്ടുള്ളത് ആർക്കൊക്കെയാണ്; വ്യക്തമാക്കാമോ; | (എ) | 1960 ലെ കേരള ആധാരം എഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 6 അനുസരിച്ച് കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആധാരങ്ങൾ ഒരു ആധാരം തയ്യാറാക്കൽ ലൈസൻസിക്കോ, അഡ്വക്കേറ്റ് അല്ലെങ്കിൽ പ്ലീഡർക്കോ, ആധാരത്തിലെ കക്ഷികൾക്ക് സ്വയമോ തയ്യാറാക്കാവുന്നതാണ്. |
| (ബി) | ആധാരം തയാറാക്കൽ സ്റ്റേറ്റ് ലൈസൻസിനുള്ള എക്സാമിനേഷൻ നടത്തുന്നത് ആരാണെന്ന് അറിയിക്കാമോ; | (ബി) | 1960 -ലെ കേരളാ ആധാരം എഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 25 പ്രകാരം രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്) ആണ് പരീക്ഷ നടത്തുന്നത്. |
| (സി) | പ്രസ്തുത എക്സാമിനേഷൻ നടത്തുന്നത് നിർത്തിവച്ചിരിക്കുകയാണോ; എങ്കിൽ എന്നുമുതലെന്നും അതിന് കാരണമെന്തെന്നും അറിയിക്കാമോ; | (സി) | ലൈസൻസ് പരീക്ഷ നടത്തുന്നത് നിർത്തിവച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പരീക്ഷ ഒരു അപേക്ഷകന് എത്ര തവണ എഴുതാൻ കഴിയുമെന്ന് അറിയിക്കാമോ; | (ഡി) | ലൈസൻസ് ചട്ടങ്ങളിൽ പരീക്ഷ എത്ര തവണ എഴുതാമെന്ന് നിജപ്പെടുത്തിയിട്ടില്ല. |
| (ഇ) | ആധാരം തയാറാക്കൽ പരീക്ഷ വിജയിച്ച ആൾക്ക് ആധാരം എഴുതി തയാറാക്കുന്നതിന് കൈപ്പട ലൈസൻസ് പരീക്ഷയും പാസാകേണ്ടതുണ്ടോ; | (ഇ) | 1960 -ലെ കേരളാ ആധാരം എഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആധാരം തയ്യാറാക്കൽ ലൈസൻസ് ഉള്ളയാൾക്ക് കൈപ്പട ലൈസൻസിന് അപേക്ഷിക്കാവുന്നതും അപ്രകാരം ലൈസൻസ് ലഭിച്ച് കഴിഞ്ഞാൽ ആധാരം എഴുതി തയ്യാറാക്കാവുന്നതുമാണ്. |
| (എഫ്) | ആധാരം തയാറാക്കൽ സ്റ്റേറ്റ് ലൈസൻസിനുള്ള എക്സാമിനേഷൻ ഈ വർഷം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | ആധാരം എഴുത്ത് ലൈസൻസ് പരീക്ഷ നടത്തുന്നത് സംബന്ധിച്ച് 23.01.2026 ലെ 299 -ാം നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതനുസരിച്ച് 2026 സെപ്റ്റംബർ മാസം 12 -ാം തീയതി പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ